# നാഷണൽ എച്ച് എസ് എസ് ഏങ്ങണ്ടിയൂർ

# തിളക്കം

## മലയാളം മാഗസിൻ

- ലിറ്റിൽ കൈറ്റ്സ്

# താളുകളിലൂടെ


മഴ — ഫാത്തിമ വി എ

സിയ എ എസ്

ശ്രീദേവിക

-ബാല്യകാലം — സോഷില പി എസ് -

ഞങ്ങളുടെ ആദ്യ അധ്യാപിക — സിയ എ എസ്

-എൻെറ അമ്മ — അനാമിക മണികണ്ഠൻ

-സ്കൂൾ എന്ന ഒരിടം — അധീന്ദ്ര പി പി

-കൂട്ടം — ആയുഷ് രേഷ് സി ആർ

-എൻെറ സ്വപ്നം — ആദിത്യൻ

ആദിത്യൻ -

സമ്മാനം — ഫാത്തിമ

മികവുകൾ

മിന്നും താരങ്ങൾ

മഹത് വചനങ്ങൾ

# പണിപ്പുരയിൽ

അഭിനന്ദ് വിബി
സൂര്യ തേജസ്
ആയുഷ് രേഷ്
ശ്രീരാം
അൽക ഉണ്ണികൃഷ്ണൻ
ആർച്ച

# സന്ദേശം

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഒരു മാഗസിൻ തയ്യാറാക്കുന്നു എന്നതിൽ വളരെയേറെ അഭിമാനവും സന്തോഷവും ഉണ്ട്.

വിവര വിനിമയ സാങ്കേതിക വിദ്യ വികസിച്ചു കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാകാൻ സാധിച്ചതിലും വിജ്ഞാനപ്രദമായ ഒട്ടേറെ ക്ലാസുകളിൽ പങ്കെടുക്കാനും പ്രവർത്തിക്കാനും കഴിഞ്ഞതിൽ നിങ്ങൾക്കേവർക്കും അഭിമാനിക്കാം .

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന മാഗസിൻ ഏറ്റവും മികച്ചതാകട്ടെ എന്നാശംസിക്കുന്നതോടൊപ്പം ഇതിൽ പങ്കാളികളായ എല്ലാ കുട്ടികൾക്കും അദ്ധ്യാപകർക്കും നൻമകൾ നേരുന്നു.

സ്നേഹത്തോടെ



# സന്ദേശം

നാഷണൽ ഹയർ സെകന്ററി സ്കൂളിലെ ലിറ്റൽ കൈറ്റ്സ് അംഗങ്ങൾ "തിളക്കം" എന്ന പേരിൽ മാഗസിൻ തയ്യാറാക്കുന്നതിൽ വളരെയധികം സന്തോഷിക്കുന്നു ഈ ഡിജിറ്റൽ യുഗത്തിൽ വാഗ്ദേവഖനയെ കൈപിടിയിലൊതുക്കാൻ ശ്രമിച്ച ഓരോ നവ എഴുത്തുകാർക്കും ഭാവുകങ്ങൾ നേരുന്നു അതിനായി യത്നിച്ച വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സ്നേഹാശംസകൾ

പ്രിൻസിപ്പാൾ

റീജ. ജി

# സന്ദേശം

നാഷണൽ ഹയർ സെകണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ പുറത്തിറക്കുന്ന മാഗസിന് ഭാവുകങ്ങൾ നേരുന്നു.

കുട്ടികളുടെ സർഗ വാസനകൾ പരിപോഷിപ്പിക്കുന്നതിനും വിദ്യാലയത്തിൻെറ സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങൾ മികവുറ്റതാക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങൾക്ക് നിർണായകമായ പങ്ക് വഹിക്കാനാൻ കഴിയും .

തൂലികയുടെ ശക്തിയും ചൈതന്യവും സമൂഹത്തിൻെറ നൻമക്കായി എങ്ങനെ ഉപയോഗിക്കാം എന്നതിന് മാതൃകയാകാൻ, കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു

മാഗസിൻ പ്രസിദ്ധീകരണത്തിന് അരങ്ങിലും അണിയറയിലും പ്രയത്നിച്ച വിദ്യാത്ഥികൾക്കും അവർക്ക് നേതൃത്വം നൽകിയ അദ്ധ്യാപകർക്കും ഹൃദയം നിറഞ്ഞ ആശംസകൾ.

രാജേഷ് ശേഖരൻ,

പ്രസിഡണ്ട്,

പി .ടി .എ.

# മഴ

മഴെ മഴെ പെയ്യല്ലെ
പശുകുട്ടി പാടത്ത്
നെല്ലും പുല്ലും മുറ്റത്ത്
ഞാനാണെങ്കിലോ ഒറ്റക്ക്

– ഫാത്തിമ വി എം
എട്ട് .ഡി

ശാന്തമായ മഴയത്ത്
ചൂടു കട്ടൻ കുടിച്ച്
വെള്ളത്തിൽ നിറയെ
മീൻ കുഞ്ഞുങ്ങളെ  നോക്കി
ആ തണുത്തുറഞ്ഞ മഴ
ആസ്വദിച്ച് നിന്നു

– സിയ .എ. എസ്
എട്ട് .ഡി

# മഴ

മഴ എത്തും നേരത്ത്
മഴ എത്തും നേരത്ത്
എന്നുള്ളിലുരുകുന്ന കുളിരായ് വന്ന
കവിതാ രാഗത്തിന്
ഈണം പകരാൻ
വന്ന നേർത്ത കുളിർമഴ
ഒന്നുമുരിയാടാതാകാശം
പന്നെ കുളിർമഴയായ് പെയ്തു.

-ശ്രീദേവിക
എട്ട് .ഡി

# ബാല്യകാലം

ചിത്രവർണങ്ങളാൽ ചാലിച്ച ചരിത്രമേ!
ഒർക്കുന്നു ഞാനീമുറിവേറ്റ ചരിത്രം
എന്തിനീചരിത്രം അവസാനിപ്പിച്ചുകൂടെ
ഓർക്കുന്നു ഞാനാ ബാല്യകാലം
ഓർമകളേറെയുണ്ട് ഇപ്പോൾ
ഓർക്കുവാൻ തോന്നാതെ പോയ കാലം
ചിത്രവർണങ്ങളാൽ ചാലിച്ച ചരിത്രമേ!
മായ്ഞ്ഞു മായാത്ത ബാല്യകാലം
എന്നാലിപ്പോൾ എടുത്തു തീരാത്ത-
ചരിത്രകാലം.

- സോഷില.പി.എസ്
എട്ട്.ഡി

# ഞങ്ങളുടെ ആദ്യ
# അധ്യാപിക

"ഞങ്ങളുടെ വിദ്യാലയം ഞങ്ങളുടെ
അധ്യാപിക"
ഞാൻ ആദ്യമായി തിരുമംഗലം യു.പി
സ്കൂൾ പോകുമ്പോൾ നല്ല ഉത്സാഹ-
ത്തോടെയാണ് പോയത്. കുറച്ചു കഴിഞ്ഞ-
പ്പോൾ വീട്ടിലേക്ക് പോകണമെന്ന് വാശിയായി
ഞാൻ. അന്നേരമാണ് ടീച്ചർ വന്നു എന്നോട്
സംസാരിച്ചത്. അങ്ങനെ ടീച്ചറോടൊപ്പം
ഇടപ്പിഴകി ഞങ്ങൾ കൂട്ടുകാരെപോലെയായി
ഞങ്ങളുടെ ധന്യ ടീച്ചർ. കുറച്ചു നാൾ കഴിയെ
ഞാൻ ഓരോരുത്തരുമായി സൗഹൃദം
കുറിച്ചു. എല്ലാവരും എന്റെ ഉറ്റസുഹൃത്തുക്കളായി-
മാറി. അതോടൊപ്പം ടീച്ചറും.

-സിയ.എ.എസ്
എട്ട്.ഡി

# എന്റെ അമ്മ

ഒമ്പതു മാസം ചുമന്ന് ഒരു കുട്ടിക്ക് ജന്മം നൽകിയവളാണ് അമ്മ.
അമ്മ നൽകുന്ന സ്നേഹം എത്ര വലിയ വില കൊടുത്താലും വാങ്ങാൻ ആകില നമ്മുടെ ജീവിതത്തിൽ എത്ര വലിയ പ്രശ്നം ഉണ്ടായാലും നമ്മളെ കൈവിടാതെ കൂടെ ചേർത്ത് പിടിക്കുന്നു. അമ്മയുടെ സ്നേഹമാണ് ലോകത്തിലെ യഥാർത്ഥ സ്നേഹം അതുപോലെ തന്നെ അമ്മ എനിക്ക് ദൈവത്തെ പോലെയാണ്. ലോകത്തിൽ ഇത്ര വലിയ പോരാളിയായി വേറെ ആരും ഉണ്ടാവുകയില്ല.

- അനാമിക മണികണ്ഠൻ
എട്ട്.ഡി

മഹത് വചനം

സാമ്രാജ്യാധിപനായില്ലെങ്കിൽ ഒരു

ഗ്രന്ഥാലയ  സൂക്ഷിപ്പുകാരനായിരിക്കാനാണ് എനിക്കിഷ്ടം

നെപ്പോളിയൻ

# സ്കൂൾ എന്ന ഒരു ഇടം

വിശാലമായ ഒരു ഗ്രാമം

അവിടെ വിശാലമായ ഒരു സ്ക്കൂൾ

നിറയെ മരങ്ങളും പൂക്കളും

സൗഹൃദത്തിനായി

കൂട്ടുകാരും. ശ്വസിക്കാൻ

ശുദ്ധമായ വായുവും.

ചുറ്റും സ്നേഹമുള്ള ടീച്ചർമാരും

പ്രകൃതിരമണിയമായ ഒരു ഇടം.

-അധീന്ദ്ര.പി.പി
ഒമ്പത്.ബി

## മഹത് വചനം

"ഭൂത കാലങ്ങളിൽ  നിന്ന് പഠിക്കുക,
വർത്തമാന കാലത്ത് ജീവിക്കുക,
നാളേക്കായി പ്രതീക്ഷിക്കുക"

ആൽബർട്ട്ഐൻസ്റ്റീൻ

# മികവുകൾ



## അഭിനവ് കെ എം

ഡിജിററൽ പെയ്ൻറിങ്
സ്റ്റേറ്റ് ഫസ്റ്റ്

സ്കൂൾ കലോൽസവം

ചിത്ര രചന പെൻസിൽ
ചിത്ര രചന വാട്ടർ കളർ
ചിത്ര രചന ഓയിൽ കളർ
സ്റ്റേറ്റ് ബി ഗ്രേഡ്

കല ഉൽസവ് ചിത്ര രചന
ജില്ലാ ഫസ്റ്റ്

ഗജ ദിനം ആന വര
സംസ്ഥാന തലം 2ാം സ്ഥാനം




ചായ കട




# നാഷണൽ സ്കൂളിന് മികച്ച നേട്ടം

ഏങ്ങണ്ടിയൂർ : തിരുവനന്തപുരത്ത് നടക്കുന്ന കേരള സ്കൂൾ ശാസ്ത്രോത്സവം വൊക്കേഷണൽ എക്സ്പോ 2023 ൽ ഏങ്ങണ്ടിയൂർ നാഷണൽ ഹയർസെക്കൻഡറി സ്കൂളിന് മികച്ച നേട്ടം. സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിയായ അഭിനവ്. കെ.എം. ഡിജിറ്റൽ പെയിന്റിംഗ് വിഭാഗത്തിൽ ഹൈസ്കൂൾ തലത്തിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വാടാനപ്പിള്ളി സ്വദേശിയായ കൊട്ടക്കൽ മനോജിന്റെയും ലിനിയുടെയും മകനാണ് അഭിനവ. ഡിജിറ്റൽ പെയിന്റിംഗിന് പുറമെ പരമ്പരാഗത ചിത്ര രചനയിലും നിരവധി സമ്മാനം നേടിയിട്ടുണ്ട്. കഴിഞ്ഞ ഗജദിനത്തിൽ നടന്ന ആനവര ചിത്രരചന മത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ചിരുന്നു.



അഖിൽ സുഭാഷ്



അഭിനവ്



ശിവതേജസ്

ഇംപ്രൊവൈസ്ഡ് എക്സ്പെരിമെന്റ്സ് വിഭാഗത്തിൽ ഒമ്പതാം ക്ലാസ് വിദ്യാർത്ഥി ശിവതേജസ് പി.എസും പത്താം ക്ലാസ് വിദ്യാർത്ഥി അഖിൽ സുഭാഷും ചേർന്ന ടീം ഹൈസ്കൂൾ തലത്തിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം കരസ്ഥമാക്കി. മിന്നൽ രക്ഷാ ചാലകത്തിന്റെ പ്രവർത്തനം ലളിതമായ പരീക്ഷണത്തിലൂടെ വിവരിച്ചാണ് ഇരുവരും ഒന്നാം സ്ഥാനം നേടിയത്. പങ്കെടുത്ത 42 ടീമുകളെ പിന്തള്ളിയാണ് ഇവർ ജില്ലയുടെ തന്നെ അഭിമാനമായത്. ഏങ്ങണ്ടിയൂർ തണ്ടാട് സ്വദേശിയും അദ്ധ്യാപകനുമായ പള്ളിയിൽ ഷൈജുവിന്റെയും സംഗീതയുടെയും മകനാണ് ശിവതേജസ്. തളിക്കുളം ഇടശ്ശേരി കുർക്കപറമ്പിൽ സുഭാഷ് നിന എന്നിവരുടെ മകനാണ് അഖിൽ സുഭാഷ്.



# ഞങ്ങളുടെ മിന്നും നക്ഷത്രങ്ങൾ














USS WINNER
ആർദ്ര.കെ.എസ്


സൗത്ത് ഇൻഡ്യ
യോഗ ഫെസ്റ്റ് –സെക്കന്റ്


നിഷാൽ ചന്ദ്ര


ഗജദിനം–ആനവര
സംസ്ഥാനതലം 2–ാംസ്ഥാനം
അഭിനവ് കെ.എം

ഫ്ളവേഴ്സ് ചാനൽ
ടോപ്പ് സിംഗർ സീസൺ 3







മഴവിൽ മനോരമയിലെ
"കിടിലം" സ്റ്റാർ
കിടിലം
ഉഗ്രൻ
ജഗ്ലിംഗ് പെർഫോർമെൻസ്
കാഴ്ച്ചവെച്ച
അരുൺ എസ്.കുമാർ


കേരള WAKO KICK BOXING
മ്യൂസിക്കൽ ഫോം – സിൽവർ മെഡൽ
ഫൈറ്റ് – ഗോൾഡ് മെഡൽ
അഭിന എ.ആർ

# കൂട്ടം

മാക്കൂട്ടം പ്ലാക്കൂട്ടം
തൈക്കൂട്ടം തെങ്ങിൻ കൂട്ടം
മുളക്കൂട്ടം.
ആട്ടിൻകൂട്ടം മാട്ടിൻകൂട്ടം
കൂട്ടംതേടി കൂട്ടംതെറ്റി
കൂട്ടം കൂടി.
പിന്നെ ആ
ആൾക്കൂട്ടം അയൽക്കൂട്ടം
പാട്ടുകൂട്ടം തല്ല്കൂട്ടം
കൂട്ടം കൂടി പാട്ടും പാടി
കൂട്ടം വെട്ടി കാട്ടു കൂട്ടം
കൂട്ടം വിട്ടു.

–ആയുഷ് രേഷ്.സി.ആർ

# എന്റെ സ്വപ്നം

ഒരു ദിവസം സ്ക്കൂളിലേക്ക് പോകുമ്പോൾ ഞാൻ ഒരു വ്യത്യസ്ഥനായ ഒരാളെ കണ്ടു.അദ്ദേഹം നല്ല ഒരു കറുത്ത പേന്റും പുള്ളി ഷർട്ടുമാണ് ധരിച്ചിരുന്നത് എല്ലാവരും അദ്ദഹത്തെ തന്നെയാണ് ശ്രദ്ധിക്കുന്നത്. എല്ലാവരിൽ നിന്നും അദ്ധേഹത്തിന് വ്യത്യസ്ഥത തോന്നുന്നുണ്ട് എന്നതിൽ സംശയമില്ല. പെട്ടെന്ന് എന്റെ മുന്നിലൂടെ ഒരു ബസ്സ് കടന്നു പോയതും അയാളെ കാണാതായി. ഒരു വണ്ടി പോയ സമയം കൊണ്ട് ഒരാളെ കാണാതാവു-മോ?....... ഞാൻ കണ്ടു കൊണ്ടിരുന്നത് ഒരു സ്വപ്നമായിരുന്നു വെന്നത് അമ്മ വന്ന് വിളിച്ചപോഴാണെനിക്ക് മനസ്സിലായതി.

–ആദിത്യൻ

എട്ട്.സി

# സമ്മാനം

ശീലേ... ശീലേ..

ഉമ്മറത്തു നിന്ന് ഒരു വിളി എന്താ മനുഷ്യ ഷീല ചോദിച്ചു ഒരു കപ്പ് ചായ ഇട്ട് തരുവോ ആ ഇപ്പൊ തരാം ചായ ഒഴിച്ച കപ്പുമായി അവൾ തന്റെ ഭർത്താവിന്റെ അടുത്തേക്ക് പോയി എന്റെ മനുഷ്യ ഇന്നും പണിയില്ലേ ഞാൻ ഇനി അയല്പക്കത്തെ കദീജോട് എന്ത് പറയും ഷീല വിഷമത്തോടെ പറഞ്ഞു


പൂജ ഒരു പാവപ്പെട്ട വീട്ടിലെ കൊട്ടിയായിരുന്നു അവളെ നോക്കാം അച്ഛനും അമ്മയും വളരെ അധികം കഷ്ടപ്പെട്ടു അവളുടെ വീട്ടിലെ എല്ലാ അവസ്ഥകളും അറിഞ്ഞു ജീവിക്കുന്ന ഒരു നല്ല കുട്ടിയായിരുന്നു അവൾ

അമ്മേ... ഞാൻ എത്തി ആ എന്റെ മോള് എത്തിയോ ഇന്ന് കുറച്ചു നേരത്തെ ആണല്ലോ. ആ അമ്മേ ഇന്ന് ഒരു മീറ്റിംഗ് ഉണ്ട് അത് കൊണ്ട് സ്കൂൾ ഇന്ന് നേരത്തെ വിട്ടു അവൾ പറഞ്ഞവസാനിപ്പിച്ചു അവൾ തന്റെ മുറിയിലേക്ക് കടന്ന് കീറിതുന്നിയ ബാഗ് ഒരു മൂലയിൽ വെച്ച് വേഗം കുളിക്കാൻ നടന്നു. നടക്കുന്നതിനിടയിൽ അവൾ എല്ലാവരും കേൾക്കും വിതം പിറുപിറുക്കുന്നുണ്ടായിരുന്നു കാരണം അവളുടെ സ്കൂൾ ബാഗ് പോലും അത്രക്ക് മോശമായിരുന്നു. അടുത്ത ദിവസമാണ് അവളുടെ ജന്മതിനം. എന്നാൽ ഒരു ചെറിയ സന്തോഷം പോലും അവളുടെ മുഖത്തിൽ ഉണ്ടായില്ല. അവൾ തന്റെ അമ്മയുടെ അടുത്തു പോയി നിന്നു അമ്മ അവളുടെ മുഖത്ത് നോക്കി അവളുടെ മുഖം കണ്ടപ്പോൾ തന്നെ അമ്മെക്ക് മനസ്സിലായി അവളുടെ മനസ്സിന് എന്തോ വിഷമം ഉണ്ടെന്ന് അമ്മ അവളുടെ അടുത്തു വന്ന് നിന്ന് ചോദിച്ചു എന്റെ മോൾക്ക് എന്ത് പറ്റി അവൾ ഒന്നും പറയാതെ തന്റെ വിഷമം അടക്കിപ്പിടിച്ച് നിന്നും എന്റെ മോൾക്ക് എന്തോ ഉണ്ട് അമ്മേടെ അടുത്ത് പറ അവൾ തുടർന്നു. അമ്മേ എനിക്ക്

മാത്രം എന്താ എങ്ങനെ. നാളെ എന്റെ പിറന്നാൾ അല്ലെ എനിക്ക് ആഘോഷിക്കാൻ നല്ല ആഗ്രഹമുണ്ട് പക്ഷെ എനിക്കറിയാം ഇവിടുത്തെ അവസ്ഥ അത് കൊണ്ട് കൊഴപ്പല്ല്യ അമ്മേ എന്റെ അടുത്ത പിറന്നാൾ നമുക്ക് ആഘോഷിക്കാം അവൾ വിഷമത്തോടെ മിറിയിലേക്ക് നടന്നു. അവളുടെ ഓരോ നടത്തത്തിലും അവളുടെ കണ്ണ്
നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു സന്ധ്യയായിഅവൾ നാളത്തെ കാര്യം അലോചിച്ചിരുന്നു രാത്രി അത്താഴം കഴിച്ച് കിടക്കുന്നേരം തന്റെ അച്ഛനോട് പൂജയുടെ വിഷമം പറഞ്ഞു. അച്ഛൻ എല്ലാം കേട്ട് ശാന്തമായി കിടന്നു. നാളെ നാലു മണിയോടെ അവൾ വീട്ടിൽ എത്തി. അവളെ അച്ഛൻ ഉമ്മറത്തു കാത്തു നിൽക്കുന്നുണ്ടായിരുന്നു.അവളെ കണ്ടയുടനെ അച്ഛൻ അവളുടെ കവിളത്ത് ഒരു ഉമ്മ കൊടുത്ത് പിറന്നാൾ ആശംസകൾ നൽകി. അവൾ വീടിനുള്ളിൽ കയറിയപ്പോൾ ആകെ അലങ്കരിച്ചിരുന്നു. മേശ പുറത്ത് ഒരു കേക്കും ഉണ്ടായിരുന്നു. അവൾ ഓടിപ്പോയി അച്ഛനെയും അമ്മയെയും കെട്ടിപ്പിടിച്ചു കേക്ക് മുറിച്ചു. അച്ഛൻ അവൾക്ക് ഒരു സമ്മാനവും വാങ്ങിച്ചിരുന്നു. അത് ഒരു ബാഗ്  ആയിരുന്നു അവൾക്ക് വളരെ സന്തോഷമായി. അയല്പക്കത്തെ നാരായണന്റെ കയ്യിൽ നിന്ന് പൈസവാങ്ങിച്ച് ചെയ്യത അത് സാരല്ല്യ അച്ഛൻ കൊടുത്തോളാം. മോളുടെ സന്തോഷമാണ് ഞങ്ങളുടെ സന്തോഷം. അച്ഛൻ അവളുടെ നെറുകയിൽ ഒരു ഉമ്മ വെച്ചു അപ്പോൾ അവളുടെ കണ്ണിൽ നിന്ന് സന്തോഷസന്താപ സമ്മിശ്രമായ ഒരു തുള്ളി കണ്ണുനീർ കുതിർന്നു വീഴുന്നുണ്ടായിരുന്നു.....

-ഫാത്തിമ.വി.എം

എട്ട് .ഡി


വിജയം ആസ്വാദ്യകരമാക്കണമെങ്കിൽ
പ്രയാസങ്ങൾ ആവശ്യമാണ്
എ പി ജെ അബ്ദുൾ കലാം



ഇതിൽ പങ്കാളികളായ എല്ലാ
കുട്ടികൾക്കും അദ്ധ്യാപകർക്കും

# നന്ദി,